**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1096** — **24-02-2022 - ൽ മറുപടിയ്ക്ക്**

**മലബാർ കൾച്ചറൽ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ പ്രദേശത്തെ സാംസ്കാരികമായ ഉന്നമനത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളും നയപരിപാടികളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ; | (എ) | മലബാർ പ്രദേശത്തെ സാംസ്കാരിക ഉന്നമനത്തിനുവേണ്ടി സാംസ്കാരികകാര്യ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഈ പദ്ധതിയിൽ മലബാറിലെ വിവിധ മുനിസിപ്പൽ/ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിൽ നാടൻ കലകളുൾപ്പെടെ വിവിധ കലാവിഭാഗങ്ങളിൽ പരിശീലനം നൽകി വരുന്നു. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കലാകരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'ഗ്രാമീണ കലാകേന്ദ്രം' പദ്ധതി. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 20 കരകൗശല പൈതൃക ഗ്രാമങ്ങളിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഗ്രാമീണ കരകൗശല കലാകാരന്മാർക്ക് നൈപുണ്യ പരിശീലനവും ഈടുറ്റ വിപണി ബന്ധങ്ങളും ഉറപ്പാക്കി വരുന്നു. ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിയിൻ കീഴിൽ |

മലപ്പുറം അരുവാക്കോട്, കണ്ണൂർ കുഞ്ഞിമംഗലം, വയനാട് തൃക്കൈപ്പറ്റ എന്നീ പൈതൃക ഗ്രാമങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു.കാസർഗോഡ് സുബ്രഹ്മണ്യം തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിന്റെ ഒന്നാം ഘട്ടം ഉദ്ഘാടനം കഴിഞ്ഞു. മലപ്പുറം ജില്ലയിൽ അബ്ദുൽ റഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. മലബാറിന്റെ തനത് കലകളിൽ പ്രധാനപ്പെട്ട മാപ്പിളകലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി മലപ്പുറം കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി മാപ്പിളകലാ അക്കാഡമി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മാപ്പിളപ്പാട്ട്, മാപ്പിളകലകൾ എന്നിവയുടെ പരിശീലന വ്യാപനത്തിനായുള്ള "സ്കൂൾ ഓഫ് മാപ്പിള ആർട്സ്' പദ്ധതി ജില്ലാപഞ്ചായത്തുമായി ബന്ധപ്പെടുത്തിയാണ് നടത്തുന്നത്. ആയത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. ആദ്യം 14 ജില്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും തുടർന്ന് 126 നിയോജകമണ്ഡലങ്ങളിലും ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ സമാന്തരമായി പുരോഗമിക്കുന്നുണ്ട്. സാംസ്കാരിക വകുപ്പ് നടത്തുന്ന പരിപാടികൾ താഴെ തട്ടിലുള്ള ജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ടി ഓരോ ഗ്രാമത്തിലും 'ഗ്രാമസന്ധ്യ' എന്ന പരിപാടി ഫോക് ലോർ അക്കാദമി ആവിഷ്കരിച്ചിട്ടുണ്ട്. പ്രഭാഷണങ്ങൾ, അതാത് ഗ്രാമത്തിലെ കലാകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കലാപരിപാടികൾ, അതാത് ഗ്രാമത്തിലെ കലാകാരന്മാരെ ആദരിക്കൽ എന്നിവയാണ് ഉദ്ദേശിക്കുന്നത്. സമം പരിപാടിയുടെ സന്ദേശം ഉൾക്കൊണ്ട് കൊണ്ടു പൊതുരംഗത്തുള്ള സ്ത്രീകളെ ആദരിക്കൽ എന്നിവ ഈ ഗ്രാമസന്ധ്യ പരിപാടിയിൽ ഉൾക്കൊള്ളുന്നു. ഈ സാമ്പത്തിക വർഷം 100 ഗ്രാമങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുവാനാണ് ഫോക് ലോർ അക്കാദമി ഉദ്ദേശിക്കുന്നത്. 'നല്ല സിനിമ നാട്ടിൻപുറങ്ങളിലേക്ക്' എന്ന ലക്ഷ്യവുമായി കണ്ണൂർ, കോഴിക്കോട്, എന്നിവിടങ്ങളിൽ കേരള ചലച്ചിത്ര അക്കാഡമിയുടെ മേഖലാ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ മേഖലാ കേന്ദ്രങ്ങൾ പ്രാദേശിക തലത്തിൽ സാമൂഹിക പ്രസക്തമായ നല്ല സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു. കുട്ടികളിൽ ഉയർന്ന ചലച്ചിത്രാസ്വാദന ബോധം

| | | | |
|---|---|---|---|
| | | | വളർത്തുന്നതിനായി ഈ മേഖലാകേന്ദ്രങ്ങളുടെ സഹകരണത്തോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ചലച്ചിത്രാസ്വാദന ക്യാമ്പുകളും അക്കാദമി നടത്തി വരുന്നു. സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സാംസ്കാരിക സംഘടനകൾക്ക് ആവർത്തന അനാവർത്തന സ്പെഷ്യൽ ഗ്രാന്റുകൾ അനുവദിച്ചിട്ടുണ്ട്. മ്യൂസിയം വകുപ്പിന് കീഴിൽ മലബാറിന്റെ അനുഷ്ഠാന കലയായ തെയ്യത്തെ ആധാരമാക്കിയും, ആചാരങ്ങൾ, വിവിധ തെയ്യക്കോലങ്ങൾ, ചരിത്രം എന്നിവ വിശദമായി പ്രദിപാദിച്ചു കൊണ്ടും കണ്ണൂർ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം, മലബാറിന്റെ തനതായ പാരമ്പര്യം ഉൾക്കൊള്ളുന്ന ഗോത്ര സമൂഹത്തിന്റെ നേർക്കാഴ്ചയായി വയനാട് കുങ്കിച്ചിറയിൽ മ്യൂസിയം, കണ്ണൂർ ടൗണിൽ കൈത്തറി മ്യൂസിയം എന്നീ മൂന്നു പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | മഞ്ചേരി നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (ബി) | സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി പദ്ധതിയുടെ ഭാഗമായി മഞ്ചേരി നിയോജകമണ്ഡലത്തിലെ തൃക്കലങ്ങോട്, പാണ്ടിക്കാട്, കീഴാറ്റൂർ എടപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സൗജന്യ കലാ പരിശീലനം നടപ്പിലാക്കി വരുന്നു. |
| (സി) | മലബാർ കൾച്ചറൽ അക്കാദമിക്ക് (ബാബുരാജ് അക്കാദമി) കെട്ടിടം നിർമ്മിക്കാൻ രണ്ടു കോടി രൂപ അനുവദിക്കണമെന്ന് അക്കാദമി സെക്രട്ടറി അപേക്ഷ നൽകിയിരുന്നുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | അപേക്ഷ ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് തേടിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അക്കാദമിക്ക് പ്രവർത്തിക്കാൻ ആവശ്യമായ തുക 2022-23 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ